**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4345** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഖാദി വ്യവസായത്തിന്റെ സംരക്ഷണത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഖാദി വ്യവസായത്തിന്റെ സംരക്ഷണത്തിനും ക്ഷേമത്തിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ; | (എ) | **പരമ്പരാഗത വ്യവസായമായ ഖാദിയെ സംരക്ഷിക്കുന്നതിനായി ടി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ് നെയ്ത്തു ഉപകരണങ്ങൾ നവീകരിക്കുന്നതിനും ഖാദി വസ്ത്രമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വിപണനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>ഖാദീ ബോർഡിന് ആദ്യമായി ഖാദി വസ്ത്രങ്ങളുടെ വില്പനയ്ക്ക് വിദേശത്തും അവസരം ലഭിച്ചു. ദുബായ്, അബുദാബി എന്നിവിടങ്ങളിലെ മലയാളി സംഘടനകൾ സംഘടിപ്പിച്ച പരിപാടികളിലേയ്ക്ക് ഖാദി വസ്ത്രങ്ങൾ കയറ്റി അയച്ചു. ജർമ്മനിയിലെ More Life Style എന്ന സ്ഥാപനവുമായി സഹകരിച്ച് ഖാദി കിഡ്സ്‌വെയറും യു.എസിലേയ്ക്ക് ഖാദി വസ്ത്രങ്ങളും കയറ്റി അയച്ചു. ഖാദി ബോർഡിനുവേണ്ടി ഓൺലൈൻ വിപണനം നടത്തുന്നതിന് ഷോപ്പിംഗ് കാർട്ട് മൊബൈൽ ആപ്ലിക്കേഷൻ “Khadi Kerala” എന്ന പേരിൽ സജ്ജമാക്കി. ഓൺലൈൻ പ്ലാറ്റ്ഫോംവഴി ഖാദി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് 2024-ലെ ഓണത്തോടെ തുടക്കം കുറിച്ചു. കേരള സർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ് ഫോമായ Kshoppee വഴിയും ഖാദി ഉൽപന്നങ്ങൾ വില്പന നടത്തും. |
| (ബി) | നൂലിന്റെയും ചായത്തിന്റെയും വില വർദ്ധന, നിർമ്മാണ സാമഗ്രികളുടെ അഭാവം, ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റം, തറികളുടെ കേടുപാടുകൾ, സ്പെയർ പാർട്സുകളുടെ അപര്യാപ്തത, ടെക്നീഷ്യന്മാരുടെ കുറവ്, കാലാവസ്ഥാ വ്യതിയാനം എന്നിവ ഖാദി മേഖലയെ | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഖാദി മേഖലയിൽ ഏകദേശം 12,500 ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 95% പേരും സ്ത്രീ തൊഴിലാളികളാണ്. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി വളരെ കുറവായതിനാൽ മിനിമം |

| | | | |
|---|---|---|---|
| | പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | കൂലി ഉറപ്പാക്കുന്നതിനായി 2010-11 മുതൽ ഖാദി മേഖലയെ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തുകയും 2021-22 മുതൽ 2024-25 വരെ ഇൻകം സപ്പോർട്ട് സ്കീം വഴി 11980.79 ലക്ഷം രൂപയും ഉത്സവബത്ത/ ഉല്പാദന ഇൻസെന്റീവ് എന്നിവയ്ക്കായി 1376.57 ലക്ഷം രൂപയും സർക്കാർ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേടുപാടുകൾ വന്ന ചർക്ക, തറി എന്നിവയ്ക്ക് പകരം പുതിയവ വാങ്ങുന്നതിനും ഇവയുടെ സ്പെയർ പാർട്സ് വാങ്ങുന്നതിനുമുള്ള തുകകൾ അനുവദിച്ച് ടി മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കുന്നുണ്ട്. ഉൽപന്നങ്ങളുടെ കമ്പോളം വിലയിരുത്തി ഖാദി വസ്ത്രമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വിപണനം വർദ്ധിപ്പിക്കുന്നതിനും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് "ഖാദി പഴയ ഖാദി അല്ല" എന്ന സന്ദേശം ഉപഭോക്താക്കളിൽ എത്തുന്ന വിധത്തിലുള്ള മാറ്റങ്ങൾ ഖാദി വസ്ത്രങ്ങളിൽ വരുത്തി. മേജർ ഷോപ്പുകളിൽ ഡിസൈനർമാരുടെ സേവനങ്ങളും ലഭ്യമാക്കിക്കൊണ്ട് ടി മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീം, വസ്ത്രങ്ങൾക്കുള്ള റിബേറ്റ്, നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും നൽകുന്ന ഉത്പാദന ബോണസ്, ഉത്സവബത്ത എന്നിവ യഥാസമയം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | ഇൻകം സപ്പോർട്ട് ഇനത്തിൽ 3500 ലക്ഷം രൂപയും, റിബേറ്റ് ഇനത്തിൽ 1500 ലക്ഷം രൂപയും, ഇൻസെന്റീവ്/ഉത്സവബത്ത ഇനത്തിൽ 316.50 ലക്ഷം രൂപയും 2024-25 വർഷം അനുവദിച്ചിട്ടുണ്ട്.<br><br>ഉത്സവബത്ത യഥാസമയം തന്നെ തൊഴിലാളികൾക്കു നിലവിൽ ലഭ്യമാകുന്നുണ്ട് |
| (ഡി) | കൂത്തുപറമ്പ് മണ്ഡലത്തിലെ കണ്ണവം കോളനിയിലെയും മുതിയങ്ങയിലെയും ഖാദി നെയ്ത്ത് കേന്ദ്രത്തിന് വേണ്ട അടിസ്ഥാന സൗകര്യം ഇല്ലാത്തതിനാൽ സ്ത്രീ തൊഴിലാളികൾ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) | ഉണ്ട്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഖാദി സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചു വരുന്നു. എം.എൽ.എ ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കി പാട്യം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന കണ്ണവം കോളനി ഖാദി ഉൽപാദന കേന്ദ്രം, കൊട്ടിയോടി (മുതിയങ്ങ) തുടങ്ങിയ യൂണിറ്റുകളുടെ നവീകരണവും ഭൗതിക സൗകര്യവും മെച്ചപ്പെടുത്തുന്നതാണ്.<br><br>പാട്യം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന കണ്ണവം, കോളനി ഖാദി ഉൽപാദന കേന്ദ്രം ട്രൈബൽ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ |

| | | | |
|---|---|---|---|
| | | | ഉന്നമനത്തിനായി പഞ്ചായത്തിന്റേയും പ്രദേശത്തെ ആളുകളുടേയും സഹകരണത്തോടെയാണ് ആരംഭിച്ചത്. തുടക്കത്തിൽ ഖാദി നൂൽപ് കേന്ദ്രമായിട്ടാണ് തുടങ്ങിയത്. അന്ന് 25-ലധികം തൊഴിലാളികൾ ജോലി ചെയ്തിരുന്നു. പിന്നീട് പ്രസ്തുത യൂണിറ്റ് കുപ്പടം നെയ്ത്തു കേന്ദ്രമാക്കി മാറ്റം വരുത്തി. നിലവിൽ അഞ്ച് തറികളിലും, അനുബന്ധ തൊഴിലുമായി പത്ത് സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.<br><br>കൊട്ടിയോടി (മുതിയങ്ങ) യൂണിറ്റിൽ ഇരുപത്തി രണ്ട് സ്ത്രീ തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. രണ്ടു കെട്ടിടങ്ങളിലായാണ് പ്രവർത്തിച്ചത്. നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഫ്ലോർ ശരിയാക്കുന്നതിനും രണ്ടാമത്തെ കെട്ടിടത്തിന്റെ മേൽക്കൂര മാറ്റി അറ്റകുറ്റപ്പണികളും, രണ്ട് കെട്ടിടത്തിലും ആവശ്യമായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ് വർക്കുകളും, ടോയ്‌ലറ്റും നിർമ്മിക്കേണ്ടതിന് ഫണ്ട് ലഭിക്കേണ്ടതുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ